"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി സൈനബ, ബിലാൽ നഗർ, ബേക്കൽ ഫോർട്ടിന് മുൻഗണന നൽകി ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.85/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 28/10/2023 ലെ സാധാരണയോഗത്തിന്റെ 15/1 നമ്പർ തീരുമാനം
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 26/11/2024 ലെ 4446/സി.സി/2019/ലൈഫ്(3) നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓ ർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ൽ നടന്ന യോഗത്തിന്റെ 4.42 ഖണ്ഡിക തീരുമാനം.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിതരുടെ പട്ടികയിൽ 274ാം ക്രമ നമ്പരായി ഉൾപ്പെട്ട ക്യാൻസർ രോഗ ബാധിതയും നിലവിൽ വാടക വീട്ടിൽ താമസിക്കുന്ന വ്യക്തിയുമായ ശ്രീമതി സൈനബ, ബിലാൽ നഗർ, ബേക്കൽ ഫോർട്ട് -ന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് മുൻഗണന നൽകി ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിനായി സർക്കാരിനോടു അഭ്യർത്ഥിക്കാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ശ്രീമതി സൈനബയ്ക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്യുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബമാണെന്നും, ഇപ്പോൾ വാടക വീട്ടിൽ താമസിക്കുന്ന വ്യക്തി 2022 മുതൽ ക്യാൻസർ ചികിത്സയ്ക്ക് വിധേയയാണെന്നും പരിഗണിച്ച്, കാസർഗോഡ് ജില്ലയിലെ പള്ളിക്കര

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിതരുടെ പട്ടികയിൽ 274ാം ക്രമനമ്പരായി ഉൾപ്പെട്ട ശ്രീമതി സൈനബ, ബിലാൽ നഗർ, ബേക്കൽ ഫോർട്ടിന് മുൻഗണന നൽകി ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ശ്രീമതി. സൈനബ, ബിലാൽ നഗർ, ബേക്കൽ ഫൊർട്ട്(സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 10-01-2025 10:02:27

സെക്ഷൻ ഓഫീസർ